**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - KITE's Open Online Learning (KOOL) ഓൺലൈൻ പരിശീലന പോർട്ടൽ - അദ്ധ്യാപകരുടെ പ്രൊബേഷൻ പൂർത്തിയാക്കാനുള്ള കോഴ്സിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.5068/2018/പൊ.വി.വ.** തീയതി, തിരുവനന്തപുരം, 01.12.2018

പരാമർശം:-1. 22.03.2011-ലെ സ.ഉ(കൈ) നം.89/2011/പൊ.വി.വ.

2. 30.05.2017-ലെ സ.ഉ(സാധാ) നം.1630/2017/പൊ.വി.വ.
3. കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.11.2018-ലെ KITE/2018/1614 (8) നമ്പർ കത്ത്.
4. 21.11.2018-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്-5/33135/2018/ഡിപിഐ നമ്പർ കത്ത്.
5. എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 24.11.2018-ലെ പ്രോഗ്രാം 1/4566/2018/എസ്.സി.ഇ.ആർ.ടി നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അദ്ധ്യാപകർ തങ്ങളുടെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്നതിന് 45 മണിക്കൂറെങ്കിലും ദൈർഘ്യമുള്ള കമ്പ്യൂട്ടർ കോഴ്സുകൾ പാസായിരിക്കണമെന്നും ഇത്തരം കോഴ്സുകൾ ഐടി@സ്കൂളിന്റെ സഹായത്തോടെ എസ്.സി.ഇ.ആർ.ടി തെരഞ്ഞെടുത്ത് പരിശീലനത്തിന് അദ്ധ്യാപകരെ തയ്യാറാക്കാവുന്നതാണെന്നും ഉത്തരവായിരുന്നു.

പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മാർഗരേഖ 2-ലെ 'ജനകീയ വിദ്യാഭ്യാസ മാതൃക: സാങ്കേതിക വിദ്യയുടെ സാധ്യതകൾ' ഭാഗത്തും, പരാമർശം (3) പ്രകാരം സമഗ്ര പോർട്ടലിന് അംഗീകാരം നൽകിയ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിച്ച മാർഗരേഖയിലും സ്വയം പഠന സംവിധാനങ്ങളുടെ (ഓൺലൈൻ കോഴ്സുകൾ) ആവശ്യകത വിവരിച്ചിരുന്നു.

ഇത്തരം കോഴ്സുകൾ നടത്തുന്നതിനായി അധ്യയന ദിനങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ അത് സ്കൂൾ പഠനദിനത്തെ ബാധിക്കുന്നു എന്ന കാരണത്താൽ കോഴ്സുകൾ നടത്താൻ കഴിയാത്ത അവസ്ഥയുണ്ടെന്നും ഇതിന് പരിഹാരമായി 'സമഗ്ര' പോർട്ടലിലെ അധിക സേവനമായി KITE's Open Online Learning (KOOL) എന്ന പേരിലുള്ള ഒരു MOOC (Massive Open Online Course) ഓൺലൈൻ പരിശീലനം കൈറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും KOOL വഴി നടത്തുന്ന 45 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സ് പരാമർശം (1) പ്രകാരം പരാമർശിക്കുംവിധം അദ്ധ്യാപകരുടെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കാനുള്ള മാനദണ്ഡമായി അംഗീകരിക്കണമെന്നും അഭ്യർത്ഥിച്ച് കോഴ്സ് സംബന്ധിച്ച വിശദ വിവരങ്ങൾ ഉൾപ്പെടെ പരാമർശം (4) പ്രകാരം വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് കത്ത് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയിട്ടുള്ള KITE's Open Online Learning - 'KOOL' ഓൺലൈൻ പരിശീലന പോർട്ടൽ വഴി നടത്തുന്ന 45 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന അദ്ധ്യാപകർക്ക് കൈറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് പരാമർശം (1) പ്രകാരം നിഷ്കർഷിച്ചിരിക്കുംവിധം പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുന്നതിനുള്ള മാനദണ്ഡമായി അംഗീകരിച്ച് ഉത്തരവാകുന്നു.

2018 ഡിസംബർ ആദ്യവാരം തന്നെ ഓൺലൈൻ കോഴ്സ് തുടങ്ങുന്നതിനുള്ള നടപടികൾ വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എസ്.കൃഷ്ണകുമാർ**
**അഡീഷണൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർസെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം

സി.ഇ.ഒ., പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം
വൈസ്-ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ററി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി, തിരുവനന്തപുരം (വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ